**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1864** **11-10-2024 - ൽ മറുപടിയ്ക്ക്**

**മോട്ടോർവാഹന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആർ.ടി.ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങളെക്കുറിച്ച് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും പൊതുജനങ്ങൾക്ക് ടോൾഫ്രീ നമ്പർ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ അത്തരമൊരു സേവനം നടപ്പാക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ആർ.ടി.ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങളെക്കുറിച്ച് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുമായി പൊതുജനങ്ങൾക്ക് ഒരു ടോൾഫ്രീ നമ്പർ ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. സർക്കാരിന്റെ 100 ദിന പദ്ധതിയിൽ പ്രസ്തുത പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ആർ.ടി.ഓഫീസുകളുടെ അധികാരപരിധി സംബന്ധിച്ച വിവരങ്ങളും, ഡ്രൈവിംഗ് ടെസ്റ്റ്, വാഹന പുനഃപരിശോധന, ഫിറ്റ്നസ് പരിശോധനാ സ്ഥലങ്ങൾ, പരിശോധനാ തീയതികൾ, റിപ്പോർട്ടിംഗ് സമയങ്ങൾ എന്നീ വിവരങ്ങളും വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | ആർ.ടി.ഓഫീസുകളുടെ അധികാര പരിധി സംബന്ധിച്ച വിവരങ്ങളും, ഡ്രൈവിംഗ് ടെസ്റ്റ്, വാഹന പുനഃപരിശോധന, ഫിറ്റ്നസ് പരിശോധനാ സ്ഥലങ്ങൾ, പരിശോധനാ തീയതികൾ, റിപ്പോർട്ടിംഗ് സമയങ്ങൾ എന്നീ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി വെബ്സൈറ്റ് പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. സി-ഡിറ്റ് നൽകിയ പ്രൊപ്പോസലിൽ ചർച്ചകൾ നടന്നുവരുന്നു. |
| (സി) | സംസ്ഥാനത്ത് ഓൺലൈൻ ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് (എ.ഐ.ടി.പി.) ഏത് വർഷമാണ് അവതരിപ്പിച്ചത്; ഇതുവരെ എത്ര പെർമിറ്റുകൾ നൽകിയിട്ടുണ്ട്; സംസ്ഥാനത്തിനുള്ള വിഹിതമായി കേന്ദ്രസർക്കാരിൽ നിന്ന് എത്ര രൂപ ഫീസായി ലഭിച്ചിട്ടുണ്ട്; കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്ന വിഹിതം സർക്കാർ ട്രഷറിയിൽ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നുണ്ടോ; പെർമിറ്റുകൾ, വരുമാനം, സംസ്ഥാന വിഹിതം എന്നിവയുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ നൽകാമോ; | (സി) | സംസ്ഥാനത്ത് ഓൺലൈൻ ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് (എ.ഐ.ടി.പി.) 2023 ഡിസംബർ മുതലാണ് നിലവിൽ വന്നത്. ഇതുവരെ '1143' പെർമിറ്റുകളാണ് നൽകിയിട്ടുള്ളത്.കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്ന വിഹിതം സർക്കാർ ട്രഷറിയിൽ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കണം എന്നത് സംബന്ധിച്ച നിർദ്ദേശം ഗതാഗത വകുപ്പിൽ ലഭ്യമായിട്ടില്ല. മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേസിന്റെ വെബ് സൈറ്റിൽ നിന്നും ലഭ്യമായ ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റുമായി ബന്ധപ്പെട്ട ഫീസ് ഇനത്തിൽ സംസ്ഥാനത്തിനു ലഭിച്ച ഡിസംബർ 2023 മുതലുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>ഡിസംബർ: 20779461<br>ജനുവരി: 20497265<br>ഫെബ്രുവരി: 20128701 |

| | | | |
|---|---|---|---|
| | | | <table><tr><td>മാർച്ച്</td><td>22744685</td></tr><tr><td>ഏപ്രിൽ</td><td>24248872</td></tr><tr><td>മെയ്</td><td>28178902</td></tr><tr><td>ജൂൺ</td><td>19279346</td></tr><tr><td>ജൂലൈ</td><td>20169275</td></tr><tr><td>ഓഗസ്റ്റ്</td><td>22739754</td></tr></table> |
| (ഡി) | ഡ്രൈവിംഗ് ലൈസൻസുകൾ, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, അന്താരാഷ്ട്ര ഡ്രൈവിംഗ് പെർമിറ്റുകൾ എന്നിവ അച്ചടിക്കുന്നതിലുള്ള പെൻഡിംഗ് ജോലികളെ സംബന്ധിച്ച വിശദവിവരം ഓഫീസ് അടിസ്ഥാനത്തിൽ നൽകാമോ; അച്ചടി ജോലികൾക്ക് കമ്പനികൾക്ക് കുടിശികയുള്ള തുകയും കമ്പനികളുടെ പേരുവിവരവും സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; ഇത്തരം ജോലികൾ സർക്കാർ സ്ഥാപനങ്ങൾക്ക് നൽകണമെന്ന സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട്, പ്രിന്റിംഗ് ജോലികൾ ഗവൺമെന്റ് പ്രസ്സ്, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ് (സി-ആപ്റ്റ്), അല്ലെങ്കിൽ കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്.) എന്നിവയിലേക്ക് കൈമാറ്റം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | അന്താരാഷ്ട്ര ഡ്രൈവിംഗ് പെർമിറ്റുകൾ പെൻഡിംഗ് ഇല്ല. ജൂലൈ 15 വരെ ഇഷ്യൂ ചെയ്ത ആർ.സി. കൾ പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്. നിലവിൽ 5 ലക്ഷത്തോളം ആർ.സി.കൾ ഇനി പ്രിന്റ് ചെയ്ത് നൽകാനുണ്ട്. ആഗസ്റ്റ് 26 വരെ ഇഷ്യൂ ചെയ്ത ലൈസൻസുകൾ ഇഷ്യൂ ചെയ്ത് നൽകിയിട്ടുണ്ട്. നിലവിൽ 1.5 ലക്ഷം ലൈസൻസുകൾ ഇനി പ്രിന്റ് ചെയ്ത് നൽകാനുണ്ട്. പ്രിന്റിംഗ് ജോലികൾ കേന്ദ്ര സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസി ആയ M/s ITI Ltd, Bangalore എന്ന സ്ഥാപനമാണ് നിർവഹിക്കുന്നത്. ടി കമ്പനിക്ക് ഇനി 14,62,10,149/- രൂപ കുടിശ്ശികയായി നൽകാനുണ്ട്. ടി കമ്പനിയുമായി 5 വർഷത്തെ കരാറിലാണ് ഏർപ്പെട്ടിട്ടുള്ളത്. മറ്റ് ഏജൻസികൾക്ക് കൈമാറ്റം ചെയ്യുന്നതിന് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. |
| (ഇ) | ഗതാഗത നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും സ്വീകരിച്ച നടപടികളുടെ സ്ഥിതി ഓൺലൈനായി പരിശോധിക്കുന്നതിനും പൗരന്മാർക്ക് മോട്ടോർവാഹന വകുപ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; പുറപ്പെടുവിച്ച ട്രാഫിക് നിയമലംഘന ചലാനുകളുടെ വർഷം തിരിച്ചും വിഭാഗം തിരിച്ചുമുള്ള വിവരങ്ങളും, ഓഫീസ്, ജില്ല എന്നിവ അടിസ്ഥാനമാക്കിയുള്ള യഥാർത്ഥ സമയ വരുമാന ശേഖരണം സംബന്ധിച്ച വിവരവും പൗരന്മാർക്ക് ലഭ്യമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഇ) | സർക്കാരിന്റെ നാലാമത്തെ 100 ദിന പരിപാടിയുടെ ഭാഗമായി ഗതാഗത നിയമലംഘനങ്ങൾ പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിലേക്കായി എം-പരിവാഹൻ ആപ്ലിക്കേഷനിലെ "സിറ്റിസൺ സെന്റിനൽ - റിപ്പോർട്ട് ട്രാഫിക് വയലേഷൻ - രജിസ്റ്റർ കംപ്ലയിന്റ് ഓപ്ഷൻ" പ്രവർത്തനക്ഷമമാക്കുന്നത് സംബന്ധിച്ച് എൻ.ഐ.സി. യുമായി ചേർന്ന് നടപടികൾ സ്വീകരിച്ച് വരുകയാണ്. എം.-പരിവാഹൻ സിറ്റിസൺ സെന്റിനൽ ഓപ്ഷൻ ആക്സ്റ്റീവ് ആക്കുന്നതിനുള്ള ആദ്യഘട്ട ടെസ്റ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ഈ സംവിധാനം സമീപഭാവിയിൽ നടപ്പിൽ വരുത്താൻ പോകുന്നതാണ്. ആയതിനാൽ ഇത് സംബന്ധിച്ച കണക്ക് വിവരങ്ങൾ അതിനെ തുടർന്ന് മാത്രമേ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. |
| (എഫ്) | സംസ്ഥാനത്തെ റോഡപകടങ്ങളുടെ വിശദാംശങ്ങളും, എ.ഐ. ക്യാമറകളിലൂടെയും ഫീൽഡ് ഓഫീസർമാരിലൂടെയും പ്രത്യേകമായി | (എഫ്) | സംസ്ഥാനത്തെ റോഡപകടങ്ങളുടെ വിവരങ്ങൾ കേരള പോലീസ് കൈകാര്യം ചെയ്യുന്ന keralapolice.gov.in/crime/road-accidents എന്ന |

| | | | |
|---|---|---|---|
| | പുറപ്പെടുവിച്ച ചലാനുകളുടെ വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാണോ; ഇത്തരമൊരു സംവിധാനം നിലവിലില്ലെങ്കിൽ അത് നടപ്പാക്കാനുള്ള പദ്ധതികളുണ്ടോ; വിശദാംശങ്ങൾ ല്യമാക്കാമോ? | | വെബ്സൈറ്റിൽ ലഭ്യമാണ്. എ.ഐ.ക്യാമറകളിലൂടെയും ഫീൽഡ് ഓഫീസർമാരിലൂടെയും കണ്ടെത്തിയ ചെല്ലാനുകളുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമല്ല. ഇത് സംബന്ധിച്ച് പദ്ധതികൾ ഒന്നും തന്നെയില്ല. എന്നാൽ വാഹന ഉടമകൾക്ക് തങ്ങളുടെ വാഹനങ്ങളുടെ ചെല്ലാനുകളുടെ വിവരം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ